കണ്ണൂർ സർവ്വകലാശാല

(സംഗ്രഹം)

2020 - 21 വർഷത്തെ ബി.എഡ് പ്രവേശനം - സംവരണ പട്ടിക പുനഃക്രമീകരിച്ചുകൊണ്ടും തദനുസൃതമായി ബി.എഡ് പ്രോസ്പെക്ടസ്സ് ഭേദഗതി വരുത്തികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു

സിംഗിൾ വിൻഡോ

അക്കാഡ്/SWC/6734/2020 തീയതി: 03.11.2020

പരാമർശം:-1. 19.10.2020ലെ രാജേഷ് പാലങ്ങാട്ട്, സെക്രട്ടറി , കേരള മൺപാത്ര നിർമ്മാണ സമുദായ സഭയുടെ കത്ത്

2. 23.05.2014തീയതിയിലെ സ. ഉ (എം.എസ്) നമ്പർ.10/2014/പിസവിവ നമ്പർ സർക്കാർ ഉത്തരവ്

ഉത്തരവ്

1. കേരള മൺപാത്ര നിർമ്മാണ സമുദായ സഭ ജനറൽ സെക്രട്ടറി ഒ.ഇ.സി വിഭാഗത്തിൽ പെട്ട മൺപാത്ര നിർമ്മാണ സമുദായങ്ങൾക്ക് നിയമ പ്രകാരമുള്ള റിസർവേഷൻ ആനുകൂല്യങ്ങൾ B.Ed കോഴ്സിന് ,സ്ഥാപിച്ച് കിട്ടണമെന്ന് പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.
2. പരാമർശം 2 പ്രകാരം വിവിധ പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനത്തിന് പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സംവരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
3. മേൽ വിഷയം പരിഗണിച്ച ബഹു. വൈസ് ചാൻസലർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബി.എഡ് അഡ്മിഷനുള്ള സംവരണ പട്ടിക താഴെ വിവരിക്കും പ്രകാരം പുനഃക്രമീകരിച്ചുകൊണ്ടും തദനുസൃതമായി ബി.എഡ് പ്രവേശനം- 2020-21 പ്രോസ്പെക്ടസ്സ് ഭേദഗതി വരുത്തികൊണ്ടും ഉത്തരവ് നൽകിയിട്ടുണ്ട്.

Sl. No.		Category	Percentage	
1.		Open Merit(OM)	50%	
2		EWS	10 %	
2.		Socially and Educationally Backward Classes(SEBC)	30%	
	a.	Ezhava (EZ)		9%
	b.	Muslim (MU)		8%
	c.	Other Backward Hindu (OBH)		3%
	d.	Latin Catholic & Anglo Indian (LA)		3%
	e.	Dheevara & Related Communities (DV)		2%
	f.	Viswakarma & Related Communities (VK)		2%

	g.	Kusavan & Related Communities (KN)		1%
	h.	Other Backward Christians (OX)		1%
	i.	Kudumbi (KU)		1%

Sl. No.		Category	Percentage	
3.		Scheduled Castes and Scheduled Tribes	10%	
	a.	Scheduled Castes		8%
	b.	Scheduled Tribes		2%

4. മേൽ പറഞ്ഞ സംവരണ വ്യവസ്ഥ ന്യൂനപക്ഷ സ്ഥാപനങ്ങളൊഴികെയുള്ള ബി.എഡ് കോളേജുകളിലെയും യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളിലും മെറിറ്റ് സീറ്റുകളിലേക്കുള്ള പ്രവേശനത്തിന് 2020-21 അധ്യയന വർഷം മുതൽ ബാധകമായിരിക്കും.

5. തദനുസൃതമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-

ബാലചന്ദ്രൻ വി കെ

ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്: 1.ബി .എഡ് കോളേജുകളുടെ പ്രിൻസിപ്പാൾമാർ ,

2.യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളുടെ AD/CD

പകർപ്പ്: പി.എസ് ടു VC

പി എ ടു പിവിസി

പി എ ടു രജിസ്ട്രാർ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ